## പതിനഞ്ചാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1521 — 28.07.2021 ൽ മറുപടിക്ക്

### സംസ്ഥാനത്തെ ജനറൽ ആശുപത്രികൾ

| ചോദ്യം<br>ശ്രീ. പി.വി.അൻവർ | | ഉത്തരം<br>ശ്രീമതി വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആകെ എത്ര ജനറൽ ആശുപത്രികൾ ഉണ്ടെന്നും ഏതെല്ലാം ജില്ലകളിലാണെന്നും മേൽ ജില്ലകളിലെ ജനസംഖ്യാനുപാതവും ജനറൽ ആശുപത്രികളിലെ കിടക്കകളുടെയും ജീവനക്കാരുടെയും എണ്ണവും വിശദമാക്കാമോ; | (എ) | ജനറൽ ആശുപത്രികളുടെ എണ്ണവും കിടക്കകളുടെ എണ്ണവും ജീവനക്കാരുടെ എണ്ണവും ജില്ല തിരിച്ചുള്ള പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം I) |
| (ബി) | സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് ഏതെങ്കിലും ജനറൽ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെന്ന് വ്യക്തമാക്കാമോ; മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ജനറൽ ആശുപത്രികൾ മറ്റിടങ്ങളിലേക്ക് മാറ്റുന്നതിന് സർക്കാർ നടപടി സ്വീകരിക്കാറുണ്ടോ; | (ബി) | ഉണ്ട്. മലപ്പുറം ജില്ലയിൽ മഞ്ചേരി ജനറൽ ആശുപത്രി. ഇത് മറ്റൊരിടത്തേക്ക് മാറ്റുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ കൂടുതൽ ജനറൽ ആശുപത്രികൾ അനുവദിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) & (ഡി) | ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, താലൂക്ക്, ജില്ലാ തലങ്ങളിൽ ഉള്ള സർക്കാർ ആശുപത്രികൾ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യവകുപ്പ് നടത്തിവരുന്നത്. ഒരു ഗ്രാമപഞ്ചായത്തിൽ ഒരു കുടുംബാരോഗ്യകേന്ദ്രമോ മറ്റ് സർക്കാർ ആരോഗ്യ സ്ഥാപനമോ ഉണ്ടെന്ന് ഉറപ്പ് വരുത്തുക, ബ്ലോക്ക് തലത്തിൽ ഒരു സാമൂഹികാരോഗ്യ കേന്ദ്രം, താലൂക്ക് ജില്ലാതലത്തിൽ യഥാക്രമം താലൂക്ക്, ജില്ലാശുപത്രി എന്ന മാനദണ്ഡമാണ് ആരോഗ്യസ്ഥാപനങ്ങൾ അനുവദിക്കുന്നതിന് ഇപ്പോൾ അടിസ്ഥാനമാക്കിയെടുക്കുന്നത്.<br><br>ആർദ്രം മിഷന്റെ ഭാഗമായി ഓരോ ജില്ലയിൽ നിന്നും ഓരോ ആശുപത്രിയെ ജില്ലാതല ആശുപത്രിയായി വികസിപ്പിക്കുവാനും ഓരോ താലൂക്കിലും ഓരോ ആശുപത്രിയെ താലൂക്ക്തല ആശുപത്രിയായി നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിക്കുവാനും തീരുമാനിക്കുകയുണ്ടായി. |
| (ഡി) | പട്ടിക വർഗ്ഗ വിഭാഗങ്ങൾ ഏറെ ആശ്രയിക്കുന്ന മലപ്പുറം ജില്ലയിലെ നിലമ്പൂർ ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തണമെന്ന എം.എൽ.എ.യുടെ നിവേദനത്തിൻ മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | മലപ്പുറം ജില്ലയിൽ തിരൂർ ആശുപത്രിയെ ജില്ലാതല ആശുപത്രിയായും മലപ്പുറം, പൊന്നാനി, കുറ്റിപ്പുറം, തിരൂരങ്ങാടി, നിലമ്പൂർ, പെരിന്തൽമണ്ണ, കൊണ്ടോട്ടി എന്നീ ആശുപത്രികളെ താലൂക്ക്തല ആശുപത്രികളായും തിരഞ്ഞെടുത്ത് വികസന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. |

Hari

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

അനുബന്ധം-I

| LIST OF GENERAL HOSPITALS 2020-21 as on 31.03.2021 | | | | |
|---|---|---|---|---|
| **Sl. No** | **District** | **Name of the Institution** | **Sanctioned bed** | **No of Employees** |
| 1 | TVM | GH Thiruvananthapuram | 769 | 691 |
| 2 | TVM | GH Neyyattinkara | 436 | 278 |
| 3 | PTA | GH Pathanamthitta | 414 | 282 |
| 4 | PTA | GH Adoor | 300 | 196 |
| 5 | ALP | GH Alappuzha | 400 | 281 |
| 6 | KTM | GH Kottayam | 374 | 407 |
| 7 | KTM | GH Pala | 341 | 230 |
| 8 | KTM | GH Changanacherry | 207 | 185 |
| 9 | KTM | GH Kanjirappally | 142 | 148 |
| 10 | EKM | GH Ernakulam | 783 | 670 |
| 11 | EKM | GH Moovattupuzha | 266 | 219 |
| 12 | TSR | GH Thrissur | 240 | 309 |
| 13 | TSR | GH Irinjalakkuda | 216 | 182 |
| 14 | MLP | GH Panakkad Said Muhammadali Shihab Thangal Smaraka Government GH | 501 | 418 |
| 15 | KKD | GH Kozhikode | 550 | 448 |
| 16 | WYD | GH Kalpetta | 250 | 123 |
| 17 | KNR | GH Thalassery | 541 | 502 |
| 18 | KSD | GH Kasaragod | 212 | 245 |
| **TOTAL** | | | **6942** | **5814** |

Hari

സെക്ഷൻ ഓഫീസർ